**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5543** **15-03-2023 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിൽ ക്ഷീര വികസന സർവീസ് യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ ക്ഷീര വികസന യൂണിറ്റിന് കീഴിൽ എത്ര ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുവെന്നും പ്രസ്തുത സംഘങ്ങൾ വഴി പ്രതിദിനം എത്ര ലിറ്റർ പാലുല്പാദനം നടക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | കോതമംഗലം ക്ഷീര വികസന യൂണിറ്റിൽ നിലവിൽ 47 ക്ഷീര സംഘങ്ങൾ പ്രവർത്തിക്കുന്നു. പ്രസ്തുത സംഘങ്ങൾ വഴി പ്രതിദിനം 18500 ലിറ്ററിലധികം പാൽ സംഭരണം ഉണ്ട്. |
| (ബി) | പദ്ധതി പ്രദേശത്തെ വിപുലമായ ഏരിയയും ക്ഷീര സഹകരണ സംഘങ്ങളുടെ കൂടുതൽ എണ്ണവും നിലവിലെ യൂണിറ്റിൽ രണ്ട് ഉദ്യോഗസ്ഥർ മാത്രമാണുള്ളതെന്നതും പദ്ധതി നിർവഹണത്തിൽ തടസ്സം സൃഷ്ടിക്കുന്നത് കണക്കിലെടുത്ത് കുട്ടമ്പുഴ, കീരമ്പാറ പഞ്ചായത്തുകളെ ഉൾപ്പെടുത്തി പുതിയ ക്ഷീര വികസന സർവീസ് യൂണിറ്റ് ആരംഭിക്കുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുവാനും നടപടി സ്വീകരിക്കുമോ? | (ബി) | എറണാകുളം ജില്ലയിലെ ഏറ്റവും വലിയ ബ്ലോക്കായ കോതമംഗലത്ത് നിലവിൽ പ്രവർത്തിക്കുന്ന 47 ക്ഷീര സംഘങ്ങളിലെ 1856 ക്ഷീര കർഷകരിൽ നിന്നായി പ്രതിദിനം 18500 ലിറ്ററിലധികം പാൽ സംഭരിക്കുന്നുണ്ട്. പ്രവർത്തിക്കുന്ന ക്ഷീര സംഘങ്ങളുടെ ഭരണപരമായ ചുമതലകൾ നിർവ്വഹിക്കുന്നതിനും 10 ഗ്രാമപഞ്ചായത്തുകൾ, കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, എറണാകുളം ജില്ലാ പഞ്ചായത്ത്, സംസ്ഥാന സർക്കാർ എന്നിവ മുഖേന ക്ഷീര മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ നിർവ്വഹിക്കുന്നതിനുമായി നിലവിൽ 1 ക്ഷീര വികസന ഓഫീസർ, 2 ഡയറി ഫാം ഇൻസ്ട്രക്ടർമാർ, 1 ക്ലാർക്ക് എന്നിവർ മാത്രമാണ് ജോലി ചെയ്യുന്നത്.<br><br>കോതമംഗലം ഉൾപ്പെടെ സംസ്ഥാനത്തെ കൂടുതൽ ഏരിയയും ക്ഷീര സഹകരണ സംഘങ്ങളുടെ കൂടുതൽ എണ്ണവും ഉള്ള ബ്ലോക്കുകളിൽ പുതിയ ക്ഷീര വികസന സർവീസ് യൂണിറ്റ് ആരംഭിക്കുന്നതിനായുള്ള പഠനത്തിനായി ഒരു സമതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ വിവിധ ജില്ലകളിലായി 13 ബ്ലോക്കുകൾ ഇത്തരത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഈ പഠന സമതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ ക്ഷീര വികസന സർവീസ് യൂണിറ്റ് ആരംഭിക്കുന്ന കാര്യം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ